**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3224 19.06.2018 ൽ മറുപടിയ്ക്കുണ്ടായിരുന്നത്**

# ഡി ആന്റ് ഒ ലൈസൻസ് കാലാവധി

| | ചോദ്യം<br>**ശ്രീ.പി.ഉബൈദുള്ള** | | മറുപടി<br>**എം. ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണവും എക്സൈസും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകുന്ന ഇനങ്ങളിൽ നിന്ന് ഏതെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | 2018 കാലയളവിൽ ഒഴിവാക്കിയിട്ടില്ല. എന്നാൽ, തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 21/1/2020 തീയതിയിലെ സ.ഉ(സാധാ)നം. 160/2020 പ്രകാരം നാനോ ഹൗസ് ഹോൾഡ് യൂണിറ്റുകളെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയുടെ അനുമതിയിൽ നിന്ന് ഒഴിവാക്കിയിരുന്നു.<br><br>2025 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം ഇരുചക്ര വാഹനങ്ങളിലും മുച്ചക്രവാഹനങ്ങളിലും നടത്തുന്ന മൊബൈൽ സെയിൽസ്/ സർവ്വീസുകൾ, ഉപഭോക്താവ് നേരിട്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലോ ആവശ്യപ്പെടുന്നതനുസരിച്ച് ഉപഭോക്താവിന്റെ വാതിൽപ്പടിയിലോ അല്ലെങ്കിൽ ഉപഭോക്താവ് ആവശ്യപ്പെടുന്ന മറ്റേതെങ്കിലും സ്ഥലത്തോ സാധനങ്ങളോ സേവനങ്ങളോ എത്തിച്ച് നൽകുന്ന പ്രവർത്തനങ്ങൾ, വകുപ്പ് 254 അനുസരിച്ച് ഉണ്ടാക്കിയിട്ടുള്ള മറ്റേതെങ്കിലും ചട്ടങ്ങൾ പ്രകാരം സെക്രട്ടറിയുടെ ലൈസൻസ് നിഷ്കർഷിച്ചിട്ടുള്ളവ, സർക്കാർ വകയോ |

| | | | |
|---|---|---|---|
| | | | എയ്ഡഡോ സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളും അവയുടെ അനുബന്ധ പ്രവർത്തനങ്ങൾ, 1958 ലെ കേരള സിനിമാസ് (റെഗുലേഷൻ) ആക്റ്റും 1988 ലെ കേരള സിനിമാസ്(റെഗുലേഷൻ) ചട്ടങ്ങളും പ്രകാരം ലൈസൻസ് നിഷ്കർഷിച്ചിട്ടുള്ളവ, 1963 ലെ കേരള പ്ലെയ്സസ് ഓഫ് പബ്ലിക് റിസോർട്ട് ആക്റ്റും 1965 ലെ കേരള പ്ലെയ്സസ് ഓഫ് പബ്ലിക് റിസോർട്ട് ചട്ടങ്ങളും പ്രകാരം ലൈസൻസ് നിഷ്കർഷിച്ചിട്ടുള്ള പബ്ലിക് റിസോർട്ട് അല്ലെങ്കിൽ വിനോദകേന്ദ്രങ്ങൾ എന്നിവയെ വകുപ്പ് 232–ാം വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.<br><br>2025 ലെ കേരള പഞ്ചായത്ത് രാജ് (ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം 5–ാം ചട്ട പ്രകാരം നൽകുന്ന ഏതൊരു ലൈസൻസിന്റെയും കാലാവധി ഒരു മുൻ തീയതിയിൽ അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ സെക്രട്ടറി കരുതുകയാണെങ്കിൽ ആ പ്രത്യേക തീയതിയിലും അല്ലാത്തപക്ഷം ലൈസൻസിന്റെ കാലാവധി അത് നൽകിയ തീയതി മുതൽ പരമാവധി അഞ്ച് വർഷമായി നിജപ്പെടുത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ.ഉ(അച്ചടി) നമ്പർ 46/2025/തസ്വഭവ, എസ്.ആർ.ഒ നമ്പർ 910/2025 എന്നിവ പ്രകാരം 14/8/2025 തീയതി മുതൽ ഇത് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ബി) | ഡി ആന്റ് ഒ ലൈസൻസിന്റെ കാലാവധി ഒരു വർഷത്തിൽ നിന്നും അഞ്ച് വർഷമാക്കി വർദ്ധിപ്പിക്കുവാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (ബി) | 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 447(5A) പ്രകാരം മുനിസിപ്പാലിറ്റി/നഗരസഭകളിൽ നൽകപ്പെട്ട ലൈസൻസിന് അഞ്ചു വർഷക്കാലത്തേയ്ക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതും ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുമ്പായി നിർണ്ണയിക്കപ്പെട്ട ഫീസ് നൽകുന്നതിന്മേൽ അപേക്ഷ കൂടാതെ തന്നെ ലൈസൻസ്, വീണ്ടും അഞ്ചു വർഷക്കാലയളവിലേയ്ക്ക് കൂടി പുതുക്കി നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>2025 ലെ കേരള പഞ്ചായത്ത് രാജ് (ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം 5-ാം ചട്ട പ്രകാരം നൽകുന്ന ഏതൊരു ലൈസൻസിന്റെയും കാലാവധി ഒരു മുൻ തീയതിയിൽ അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ സെക്രട്ടറി കരുതുകയാണെങ്കിൽ ആ പ്രത്യേക തീയതിയിലും അല്ലാത്തപക്ഷം ലൈസൻസിന്റെ കാലാവധി അത് നൽകിയ തീയതി മുതൽ പരമാവധി അഞ്ച് വർഷമായി നിജപ്പെടുത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ.ഉ(അച്ചടി) നമ്പർ 46/2025/തസ്വഭവ, എസ്.ആർ.ഒ നമ്പർ 910/2025 എന്നിവ പ്രകാരം 14/8/2025 തീയതി മുതൽ ഇത് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അഞ്ച് വർഷ കാലാവധിയുള്ള ലൈസൻസുകൾ എന്ന് മുതൽ നൽകി തുടങ്ങുമെന്ന് വ്യക്തമാക്കുമോ? | (സി) | 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 447(5A) പ്രകാരം മുനിസിപ്പാലിറ്റി/നഗരസഭകളിൽ നൽകപ്പെട്ട ലൈസൻസിന് അഞ്ച് വർഷക്കാലത്തേയ്ക്ക് 20/10/2017 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.<br><br>1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം ഫാക്ടറി, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസിന്റെ കാലാവധി അഞ്ച് വർഷമായിട്ടുള്ളത് 18-01-1996 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ